**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1115** **15-10-2026-ൽ മറുപടിയ്ക്ക്**

**കണ്ണൂർ തെക്കി ബസാർ മേൽപ്പാലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ നഗരത്തിലെ തെക്കി ബസാർ ഫ്ലൈ ഓവർ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനത്തിൻറെ കരട് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** തെക്കി ബസാർ ഫ്ലൈ ഓവർ നിർമ്മാണപദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് കണ്ണൂർ ടൗണിലെ ഏറ്റവും തിരക്കേറിയ സ്ഥലത്താണെന്നതിനാൽ ടി പദ്ധതി ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഫലപ്രദവും ശാശ്വതവുമായ പരിഹാരമായിരിക്കുമെന്നും, ആയതിനാൽ തന്നെ പകരം ഭൂമിയെകുറിച്ച് ചിന്തിക്കേണ്ടതില്ലെന്നും, പദ്ധതി പൊതു ആവശ്യത്തിന് തന്നെയാണെന്നും, പ്രസ്തുത ഭൂമി സ്ഥിരംപുഞ്ച, തോട്ടം എന്നീ വിഭാഗത്തിൽപ്പെട്ടതാണെന്നും, ഒരു തരത്തിലുള്ള കൃഷിയുമില്ലെന്നും, 800 ലധികം തൊഴിലാളികൾ ബാധിക്കപ്പെടുന്നതായും, പാരിസ്ഥിതികാഘാതം ഒന്നും തന്നെയില്ലെന്നും, ദീർഘകാല നേട്ടവും പുരോഗതിയും ലക്ഷ്യമിടുന്ന പദ്ധതിയായതിനാൽ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാവുന്നതാണെന്നമാണ് സാമൂഹിക ആഘാത പഠനത്തിലെ ശിപാർശ.

**(ബി)** ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച അന്തിമ പുനരധിവാസ പാക്കേജ് പ്രകാരം ഭൂമിയും വ്യാപാര സ്ഥാപനങ്ങളും നഷ്ടപ്പെടുന്ന കച്ചവടക്കാർക്കും ഉടമകൾക്കുമുള്ള നഷ്ടപരിഹാരവിതരണം ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

**മറുപടി:** അർഹരായ എല്ലാ വ്യക്തികൾക്കും പുനരധിവാസ പാക്കേജ് പ്രകാരം നഷ്ടപരിഹാരം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള R&R പാക്കേജിൽ ₹1,15,18,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

**(സി)** നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്തി വനിത കോളേജ് മുതൽ കണ്ണോത്തുംചാൽ വരെ നീട്ടാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതി ഇല്ല

**സെക്ഷൻ ഓഫീസർ**